## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1155** 02.03.2017- ൽ മറുപടിക്ക്

### കാസർഗോഡ് മണ്ഡലത്തിലെ റോഡുകളുടെ പുന:നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള-കല്ലടുക്ക, ബദിയടുക്ക - എത്തടുക്ക-ചിന്നിങ്കാർ-ചൂളപദവ്, മുള്ളേരിയ-അർളപദവ് എന്നീ മൂന്ന് റോഡുകൾ പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ബദിയടുക്ക പി.ഡബ്ല്യു.ഡി. ഓഫീസിന് മുന്നിൽ ജനങ്ങൾ സത്യാഗ്രഹം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇതുവരെ ഇക്കാര്യത്തിൽ ഇടപെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും: പത്രവാർത്ത വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സത്യാഗ്രഹം നടത്തിവരുന്ന സമരസമിതിയുമായി ബന്ധപ്പെട്ടവരോട് ഈ റോഡുകളുടെ പുനർ നിർമ്മാണത്തിനായി എടുത്ത നടപടികളുടെ വിവരങ്ങൾ കാസർഗോഡ് നിരത്ത് വിഭാഗം ഡിവിഷൻ ഓഫീസിൽ നിന്നും ധരിപ്പിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത റോഡുകൾ എപ്പോഴാണ് പുനർ നിർമ്മിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ; ഇതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോഴാണ് ലഭ്യമാകുക; ഓരോ റോഡിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) ചെർക്കള - കല്ലടുക്ക റോഡിന് 01.11.2016-ലെ സ.ഉ (സാധാ) നം. 1502/2016/പൊ.മ.വ (ക്രമ നം. 35) പ്രകാരം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിലേയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർനടപടി പൂർത്തിയാക്കി പുരോഗമിച്ചുവരുന്നു.<br>ബദിയടുക്ക-എത്തടുക്ക-ചിന്നിങ്കാർ-ചൂളപദവ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ബന്ധപ്പെട്ട |

ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മുള്ളേരിയ - അർളപദവ് റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപയുള്ള ഭരണാനുമതി 25.02.2017-ൽ എസ്.ടി.എഫ്-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് ബി.എം & ബി.സി നിലവാരത്തിൽ ഉയർത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ